# 18. രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പ്

ശ്രീ ജ്ഞാനി സെയിൽസിംഹിൻെറ രാഷ്ട്രപതിയുദ്യോഗം 1987 ജൂലൈ 24—ാം തീയതി അവസാനിക്കുന്നു. രാഷ്ട്രപതിയുടെ ഔദ്യോഗികാധികാരങ്ങളെപ്പററി രാഷ്ട്രപതിയും പ്രധാനമന്ത്രിയുംതമ്മിൽ ഈയിടെ മൂർച്ഛിച്ചുവന്ന അഭിപ്രായവ്യത്യാസങ്ങൾ പരിഗണിക്കുമ്പോൾ, രണ്ടാമതൊരുതവണകൂടി ശ്രീ സെയിൽസിംഹിനെ രാഷ്ട്രപതിസ്ഥാനത്തേക്ക് കോൺഗ്രസ്പാർട്ടി നിർദ്ദേശിക്കുകയുണ്ടാവില്ലെന്നു വ്യക്തമാണ്. അതിനാൽ, അടുത്ത രാഷ്ട്രപതി ആര് എന്ന പ്രശ്നം രാഷ്ട്രത്തിൻെറമുമ്പിൽ ഉയർന്നുവന്നിരിക്കുന്നു.

ഇന്ത്യ എന്ന രാഷ്ട്രത്തിൻെറ തലവനാണ് രാഷ്ട്രപതി; ആ രാഷ്ട്രത്തിലെ കേന്ദ്രഗവണ്മെൻറിൻെറ തലവനാണ് പ്രധാനമന്ത്രി. ഒരേസമയം തുല്യശക്തിയുള്ള രണ്ട് അധികാരകേന്ദ്രങ്ങൾ ഉണ്ടായിരിക്കുന്നതു് ഒരു സ്ഥാപനത്തിനും പ്രായോഗികമോ, ഗുണകരമോ ആവില്ല. അതിനാൽ, രാഷ്ട്രപതിയുടേയും പ്രധാനമന്ത്രിയുടേയും അധികാരമേഖലകൾ വ്യക്തമായി വേർതിരിക്കേണ്ടിയിരിക്കുന്നു.

'രാഷ്ട്രപതിയെ സഹായിക്കുവാനും ഉപദേശിക്കുവാനും പ്രധാനമന്ത്രി തലവനായിട്ടുള്ള ഒരു മന്ത്രിസഭ ഉണ്ടായിരിക്കണം....തൻെറ ചുമതലകൾ നിർവഹിക്കുന്നതിൽ മന്ത്രിസഭയുടെ ഉപദേശമനുസരിച്ച് രാഷ്ട്രപതി പ്രവർത്തിക്കേണ്ടതാണ്'' എന്ന് ഇന്ത്യൻ ഭരണഘടനയുടെ 74—ാം വകുപ്പ് പ്രഖ്യാപിക്കുന്നു. ഇതിൻപ്രകാരം രാജ്യഭരണം സംബന്ധിച്ച കാര്യങ്ങളിൽ പൂർണമായ അധികാരം പ്രധാനമന്ത്രിക്കാണ്; പ്രധാനമന്ത്രി തലവനായിട്ടുള്ള മന്ത്രിസഭയുടെ ഭരണസംബന്ധമായ എല്ലാ ഉപദേശങ്ങളും മാനിക്കാൻ രാഷ്ട്രപതി ബാധ്യസ്ഥനമാണ്. അതേസമയം, പ്രധാനമന്ത്രിയേയും, അദ്ദേഹത്തിൻെറ ഉപദേശപ്രകാരം മററു മന്ത്രിമാരെയും നിയമിക്കാനുള്ള അധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നു. 'രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളം കാലം മന്ത്രിമാർ ഉദ്യോഗം വഹിക്കുന്നതാണ്'' എന്നൊരു വകുപ്പും (75.2) ഭരണഘടനയിലുണ്ട്. പക്ഷേ, രാഷ്ട്രപതിക്ക് 'ഇഷ്ടം' ഉണ്ടോ, ഇല്ലയോ എന്നു തീരുമാനിക്കുന്നതു്, പ്രായോഗികമായി, പാർലമെൻറിലെ ഭൂരിപക്ഷം അംഗങ്ങളുടെ (എം. പി. മാരുടെ) പിൻതുണയുള്ള പ്രധാനമന്ത്രി ആകുന്നു. ഭരണകാര്യങ്ങളുടെ നിർവഹണവും നിയമനിർമാണത്തിനുള്ള നിർദ്ദേശങ്ങളും സംബന്ധിച്ച് മന്ത്രിസഭ എടുക്കുന്ന എല്ലാ തീരുമാനങ്ങളും രാഷ്ട്രപതിയെ അറിയിക്കേണ്ടതു് പ്രധാനമന്ത്രിയുടെ ചുമതലയാണെന്നു ഭരണഘടന (78—ക.) പ്രസ്താവിക്കുന്നുണ്ടെങ്കിലും; രാഷ്ട്രപതിക്കു നൽകാൻ വിരോധമില്ലെന്ന് പ്രധാനമന്ത്രി കരുതുന്ന വിവരങ്ങൾ മാത്രമേ രാഷ്ട്രപതി പ്രധാനമന്ത്രിയോടു ചോദിക്കാവൂ എന്നതാണ് ഇപ്പോൾ പ്രധാനമന്ത്രി കൈക്കൊണ്ടിട്ടുള്ള നിലപാട്.

ഇന്ത്യയിലെ പരമാധികാരസ്ഥാപനമായ പാർലമെൻറിൻെറ അവിഭാജ്യഘടകമാണ് രാഷ്ട്രപതി. മറെറാരുവിധത്തിൽ പറഞ്ഞാൽ, രാഷ്ട്രപതിയും രാജ്യസഭയും ലോകസഭയും ചേർന്നതാണ് ഇന്ത്യയിലെ പാർലമെൻറ്.

ഒരു രാഷ്ട്രപതിയുടെ കാലാവധി അവസാനിക്കുന്ന ദിവസത്തിനു് രണ്ടു മാസം മുമ്പ് അടുത്ത രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പുസംബന്ധിച്ച വിജ്ഞാപനം തിരഞ്ഞെടുപ്പുകമ്മീഷൻ പ്രസിദ്ധപ്പെടുത്തണം എന്നതാ

ളെ വഴക്കം. അതനുസരിച്ച് ഇക്കുറി മെയ് 24—നുമുമ്പ് ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കപ്പെടുമെന്നു കരുതാം. ലോകസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുവാൻ യോഗ്യതയുള്ള, മുപ്പത്തഞ്ചു വയസ്സു കഴിഞ്ഞ, ഏതു് ഇന്ത്യൻപൗരനും 2500 രൂപ കെട്ടിവെച്ച് രാഷ്ട്രപതി സ്ഥാനത്തേക്കു തിരഞ്ഞെടുപ്പിനു നില്ക്കാവുന്നതാണ്. 'ചുമ്മാ സ്ഥാനാർത്ഥി'കളെ ഒഴിവാക്കാൻവേണ്ടി, നിർദേശകരായി പത്തു വോട്ടർമാരും സമർത്ഥകരായി പത്തു വോട്ടർമാരും ഒപ്പിട്ടാൽ മാത്രമേ ഈ തിരഞ്ഞെടുപ്പിനുള്ള നോമിനേഷൻപത്രിക അംഗീകരിക്കപ്പെടുകയുള്ളു എന്നു നിയമം ഉണ്ടാക്കിയിട്ടുണ്ടു്.

നിയമസഭാംഗങ്ങളെയും പാർലമെൻറംഗങ്ങളെയും നേരിട്ടു തിരഞ്ഞെടുക്കുന്നതുപോലെ ഇന്ത്യൻ വോട്ടർമാർ രാഷ്ട്രപതിയെ നേരിട്ടു തിരഞ്ഞെടുക്കുന്നില്ല. പാർലമെൻറിൻെറ രണ്ടു സഭകളിലുമുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും (എം. പി. മാർ) സംസ്ഥാനനിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും (എം. എൽ. എമാർ) അടങ്ങിയ ഒരു 'സമ്മതിദായകഗണം' (ഇലക്ടറൽ കോളേജ്) ആണ് രാഷ്ട്രപതിയെ 'കൈമാററംചെയ്യാവുന്ന ഒററ വോട്ടുവഴി, ആനുപാതിക പ്രാതിനിധ്യം അനുസരിച്ച്, രഹസ്യബാലററിലൂടെ' തിരഞ്ഞെടുക്കുന്നതു്.

'സമ്മതിദായകഗണ'ത്തിൽപ്പെട്ട എല്ലാവരുടെയും വോട്ടിനു തുല്യമായ മൂല്യം അല്ല ഉള്ളതു്. ആകെ പാർലമെൻറംഗങ്ങളുടെ മൊത്തം വോട്ടിൻെറ മൂല്യത്തിനു സമമായിരിക്കണം ആകെ സ്റ്റേററ് നിയമസഭാംഗങ്ങളുടെ മൊത്തം വോട്ടിൻെറ മൂല്യം എന്നു വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. ഒരു സംസ്ഥാനത്തിൽ 1971—ൽ ഉണ്ടായിരുന്ന ജനസംഖ്യയെ ആ സംസ്ഥാനത്തിലെ നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട മെംബർമാരുടെ സംഖ്യകൊണ്ടു ഹരിച്ചാൽ കിട്ടുന്ന തുകയെ ആയിരംകൊണ്ടു ഹരിച്ചു കിട്ടുന്നതാണ് ആ സംസ്ഥാനത്തിലെ ഒരു നിയമസഭാംഗത്തിൻെറ വോട്ടിൻെറ മൂല്യം. ഈ രണ്ടാമത്തെ ഹരണത്തിൽ ശിഷ്ടം അഞ്ഞൂറിലേറെ ആയാൽ, വോട്ടിൻെറ മൂല്യത്തിൽ 'ഒന്നു്' എന്ന സംഖ്യകൂടി ചേർക്കണം.

ഉദാഹരണത്തിനു് സിക്കിം സംസ്ഥാനത്തിൽ 1971—ലെ ജനസംഖ്യ 2,10,045 ആയിരുന്നു. അവിടത്തെ നിയമസഭയിൽ 32 അംഗങ്ങളുണ്ടു്. ജനസംഖ്യയെ നിയമസഭാംഗസംഖ്യകൊണ്ടു ഹരിച്ചാൽ 6561 ശിഷ്ടം 93 എന്നു കിട്ടും. ഇതിനെ ആയിരംകൊണ്ടു ഹരിച്ചാൽ 6.561.93 എന്നു കിട്ടുന്നു. അതിനാൽ സിക്കിംനിയമസഭയിലെ ഒരംഗം രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിൽ നൽകുന്ന വോട്ടിൻെറ മൂല്യം 7 (ഏഴ്) ആകുന്നു. അതേസമയം ഉത്തരപ്രദേശ് നിയമസഭയിലെ ഒരംഗത്തിൻെറ 'സമ്മതിദായകഗണ' വോട്ടിൻെറ മൂല്യം 208 (ഇരുനൂറെറട്ട്) ആണ്. മററു സ്റ്റേററുകളിൽനിന്നുള്ള എം. എൽ. എ. മാരുടെ വോട്ടുകളുടെ മൂല്യം ഈ രണ്ടു സംഖ്യകൾക്ക് ഇടയിലായിരിക്കും. കേരളത്തിൽനിന്നുള്ള ഒരു എം. എൽ. എ. യുടെ വോട്ടിനു് ഇക്കുറി 152 (നൂററമ്പത്തിരണ്ടു്) എന്ന മൂല്യമാണ് ഉണ്ടായിരിക്കുക.

സ്റ്റേററ് നിയമസഭാംഗങ്ങളുടെ (എം. എൽ. എ.മാരുടെ) ആകെ വോട്ടിൻെറ മൊത്തം മൂല്യത്തെ പാർലമെൻറിൻെറ രണ്ടു മണ്ഡലങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ (എം. പി. മാരുടെ) എണ്ണംകൊണ്ടു ഹരിച്ചുകിട്ടുന്ന തുകയാണ് ഓരോ പാർലമെൻറ് അംഗത്തിൻെറയും വോട്ടിൻെറ മൂല്യം. ഇത്തവണ ഓരോ എം. പി. യുടെയും വോട്ടിൻെറ മൂല്യം 702 (എഴുനൂററിരണ്ടു്) ആയിരിക്കും.

ഒന്നിൽക്കൂടുതൽ സ്ഥാനാർത്ഥികൾ രാഷ്ട്രപതിസ്ഥാനത്തേക്കു മത്സരിക്കുമ്പോഴാണല്ലോ വോട്ടെടുപ്പ് ആവശ്യമായിവരിക. ബാലട്ട് പേപ്പ

റിൽ എല്ലാ സ്ഥാനാർത്ഥികളുടേയും പേരു് അച്ചടിച്ചിരിക്കും. ഈ പേരുകരംക്കെതിരെ വോട്ടർമാർ 1, 2, 3....എന്ന ക്രമത്തിൽ തങ്ങളുടെ ഇഷ്ടം (പ്രിഫറൻസ്) രേഖപ്പെടുത്തുന്നു. ഒരു വോട്ടർക്കു് എല്ലാ സ്ഥാനാത്ഥികളെയും ഇങ്ങനെ ഇഷ്ടപ്രകാരം ക്രമപ്പെടുത്താം; അല്ലെങ്കിൽ, ഒരൊററ സ്ഥാനാത്ഥിയുടെ പേരിനെതിരെ മാത്രം 'ഒന്നു്' എന്ന സംഖ്യ രേഖപ്പെടുത്തുകയുമാവാം.

ആകെയുള്ള വോട്ടുകളുടെ എണ്ണത്തെ സ്ഥാനാർത്ഥികളുടെ എണ്ണം കൊണ്ടു ഹരിച്ചുകിട്ടുന്ന തുകയോടു് ഒന്നുചേർത്തു് കിട്ടുന്ന അത്ര ഒന്നാം വോട്ടു് കിട്ടിയ സ്ഥാനാത്ഥി വിജയിയായി പ്രഖ്യാപിക്കപ്പെടുന്നു. ഉദാഹരണത്തിനു മൊത്തം ഇരുപതു വോട്ടുകളും പത്തു സ്ഥാനാത്ഥികളും ഉണ്ടെന്നു കരുതുക. അപ്പോരം മൂന്നു് ഒന്നാം വോട്ടെങ്കിലും കിട്ടിയാലേ ഒരു സ്ഥാനാർത്ഥി തിരഞ്ഞെടുപ്പിൽ ജയിക്കൂ.

ഒന്നാം വോട്ടിൻെറ ഈ മിനിമംസംഖ്യ ഒരു സ്ഥാനാത്ഥിക്കും കിട്ടിയില്ലെങ്കിൽ, രണ്ടാംവോട്ടുകരം (ബാലട്ടു്പേപ്പറിലെ '2' എന്ന അടയാളം) ഒന്നാംവോട്ടായി കണക്കാക്കി വീണ്ടും വോട്ടെണ്ണുന്നു. ഈ രണ്ടാം എണ്ണലിലും ജയിക്കാൻ വേണ്ട മിനിമം വോട്ടു് ആർക്കും കിട്ടാതിരുന്നാൽ മൂന്നാംവോട്ടുകളും ഇതുപോലെ പരിഗണിക്കപ്പെടും. അങ്ങനെ താഴെയുള്ള വോട്ടുകരംകൂടി ചേർത്തു് എണ്ണി, വിജയിക്കാനാവശ്യമായ മിനിമം വോട്ടു നേടിയ സ്ഥാനാത്ഥിയെ കണ്ടെത്തുന്നു. ഇതാണു് 'കൈമാററം ചെയ്യാവുന്ന ഒററവോട്ടുവഴി, ആനുപാതിക പ്രാതിനിധ്യം അനുസരിച്ചുള്ള' തിരഞ്ഞെടുപ്പു്.

ഇന്നത്തെ നിലയിൽ, രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്ന സമ്മതിദായക ഗണത്തിൽ, സ്റ്റേററുകളിൽനിന്നുള്ള കോൺഗ്രസ്—കോൺഗ്രസ്—അനുകൂലപാർട്ടി—നിയമസഭാംഗങ്ങളുടെ (എം. എൽ. എ. മാരുടെ) മൊത്തം വോട്ടുമൂല്യം 3,07,215 ആവുമെന്നും സ്റ്റേററുകളിൽനിന്നുള്ള എതിർപാർട്ടി—നിയമസഭാംഗങ്ങളുടെ മൊത്തം വോട്ടുമൂല്യം 2,34,800 ആയിരിക്കുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. കോൺഗ്രസ് എം. പി. മാരുടെ മൊത്തം വോട്ടുമൂല്യം 4,17,582 അണെന്നും, എതിർകക്ഷി എം. പി. മാരുടെ മൊത്തം വോട്ടുമൂല്യം 1,26,450 ആണെന്നും കണ്ടിരിക്കുന്നു. അതിനാൽ, കോൺഗ്രസ്സിലെ എം. പി. മാരും എം. എൽ. എ. മാരും വൻതോതിൽ കൂറുമാറി വോട്ടുചെയ്യുന്നില്ലെങ്കിൽ, രാഷ്ട്രപതി സ്ഥാനത്തേക്കു് കോൺഗ്രസ് പാർട്ടി തീരുമാനിക്കുന്ന ആളെ തിരഞ്ഞെടുക്കുക നിഷ്പ്രയാസമായിരിക്കും.

എങ്കിലും, എല്ലാ കക്ഷികളും യോജിച്ചു്, സർവസമ്മതനായ ഒരാളെ രാഷ്ട്രപതി സ്ഥാനത്തേക്കു നിർദേശിക്കുകയാണു് അഭിലഷണീയമെന്നു് പ്രധാനമന്ത്രി രാജീവ്ഗാന്ധി പ്രസ്താവിച്ചിട്ടുണ്ടു്. പ്രധാനമന്ത്രി ഉത്തരേന്ത്യയിൽനിന്നുള്ള ഒരാളാകയാൽ, രാഷ്ട്രപതി ദക്ഷിണേന്ത്യക്കാരനാവുകയാണു് ഉചിതമെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

ഇപ്പറഞ്ഞതു് ആത്മാത്ഥതയോടെയാണെങ്കിൽ, ഇപ്പോഴത്തെ ഉപരാഷ്ട്രപതിയായ ശ്രീ ആർ. വെങ്കിട്ടരാമനെ രാഷ്ട്രപതി സ്ഥാനത്തേക്കു നിർദേശിക്കാനാണു് ശ്രീ രാജീവഗാന്ധി ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു. ശ്രീ കാമരാജനാടാരുടെ സഹായിയായി തമിഴ്നാട്ടിൽ നാലുപതിററാണ്ടുമുമ്പു് രാഷ്ട്രീയപ്രവർത്തനം ആരംഭിച്ച ശ്രീ വെങ്കിട്ടരാമനു് ദീർഘകാലത്തെ തൊഴിലാളിപ്രവർത്തനപാരമ്പര്യമുണ്ടു്. മദ്രാസ് സംസ്ഥാനത്തിലും കേന്ദ്രത്തിലും മന്ത്രി, പ്ലാനിങ് കമ്മീഷൻ അംഗം, ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ലിയിൽ അംഗം തുടങ്ങി പല നിലകളിലും അദ്ദേഹത്തിൻെറ സേവനം മോശമായിരുന്നില്ല. പത്രപ്രവർത്തകനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. സോഷ്യലിസ്റ്റും

ജവാഹർലാൽനെഹ്റുവിൻെറ ആരാധകനുമെന്ന പ്രശസ്തിയും അദ്ദേഹത്തിനുണ്ട്. ഇപ്പോൾത്തന്നെ എഴുപത്താറു വയസ്സായിരിക്കുന്നു എന്നതാണ് ശ്രീ വെങ്കിട്ടരാമൻെറ സ്ഥാനാർത്ഥിത്വത്തിൻെറ ഒരു ദൗർബല്യം. മററൊന്ന്, ആരോ മുപ്പതുകോടി രൂപ കോഴ വാങ്ങിയെന്ന് ആരോപണമുള്ള ജർമൻ മുങ്ങിക്കപ്പൽ ഇടപാടിൽ, കപ്പലുകൾ വാങ്ങാൻ ഓർഡർ കൊടുത്ത കാലത്ത് രാജ്യരക്ഷാമന്ത്രി ശ്രീ വെങ്കിട്ടരാമൻ ആയിരുന്നു എന്നതും. ഈ ഇടപാടിനെപ്പററി അന്വേഷണം നടത്തണമെന്ന്, രാജ്യരക്ഷാമന്ത്രിസ്ഥാനം ഒഴിയുംമുമ്പ് ശ്രീ വി. പി. സിംഹ് ഉത്തരവിട്ടത് ശ്രീ വെങ്കിട്ടരാമനെ രാഷ്ട്രപതി സ്ഥാനത്തേക്ക നിർദേശിക്കുന്നതു തടസ്സപ്പെടുത്താൻകൂടിയായിരുന്നു എന്നു കരുതുന്നവർ കുറവല്ല, എന്തെങ്കിലും കാരണത്താൽ ശ്രീ വെങ്കിട്ടരാമൻെറ പേർ പരിഗണിക്കപ്പെടാതെ പോകുന്നപക്ഷം, ഇപ്പോൾ കേന്ദ്രത്തിലൊരു മന്ത്രിയായ ശ്രീ പി. വി. നരസിംഹറാവു രാഷ്ട്രപതി സ്ഥാനത്തേക്ക് കോൺഗ്രസ് പാർട്ടിയുടെ സ്ഥാനാർത്ഥിയായി നിർദേശിക്കപ്പെട്ടുകൂടായ്കയില്ല.

(12, മേയ് 1987)

# 19. രാഷ്ട്രപതി ശ്രീ വെങ്കടരാമൻ

ഇന്ത്യയുടെ എട്ടാമത്തെ രാഷ്ട്രപതിയായി ശ്രീ ആർ. വെങ്കടരാമൻ നാലിൽമൂന്ന് എന്ന ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

'രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പ്'' എന്ന ലേഖനത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ, പാർലമെൻറിൻെറ രണ്ടു സഭകളിലുമുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും (എം. പി. മാരും) സംസ്ഥാന നിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും (എം. എൽ. എ.മാരും) അടങ്ങിയ ഒരു സമ്മതിദായകഗണം (ഇലക്ടറൽ കോളേജ്) ആണ് രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. തങ്ങൾ പ്രതിനിധാനംചെയ്യുന്ന പൗരന്മാരുടെ എണ്ണത്തിലുള്ള വ്യത്യാസം അനുസരിച്ച്, ഈ സമ്മതിദായകരുടെ വോട്ടിൻെറ മൂല്യത്തിലും വ്യത്യാസം ഉണ്ടായിരിക്കും.

കേന്ദ്രത്തിൽ ഭരണകക്ഷിയായ കോൺഗ്രസ്സിൻെറ സ്ഥാനാർത്ഥിയായിരുന്ന ശ്രീ വെങ്കടരാമനു പുറമേ, ബി. ജെ. പി. ഒഴികെയുള്ള കോൺഗ്രസ്സിതരപാർട്ടികളുടെ സ്ഥാനാർത്ഥിയായി ശ്രീ വി. ആർ. കൃഷ്ണയ്യരും സ്വതന്ത്രസ്ഥാനാർത്ഥിയായി ശ്രീ മിഥിലേശകുമാർസിംഹയും രാഷ്ട്രപതി സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ ഇത്തവണ മത്സരിച്ചിരുന്നു. 1987 ജൂലൈ 13–ാം തീയതി നടന്ന വോട്ടെടുപ്പിൽ എഴുനൂററമ്പത്തഞ്ച് (755) എം. പി.മാരും മൂവായിരത്തി അറുനൂററി നാല്പത്തെട്ട് (3,648) എം. എൽ. എ.മാരും തങ്ങളുടെ സമ്മതിദാനാവകാശം ഉപയോഗപ്പെടുത്തി. ഇവരിൽ അറുനൂററാറ് (606) എം. പി. മാരും രണ്ടായിരത്തി ഇരുനൂറെറൺപത് (2280) എം. എൽ. മാരും ശ്രീ വെങ്കടരാമനു വോട്ടു നൽകി. ഈ വോട്ടുകളുടെ ആകെ മൂല്യം ഏഴുലക്ഷത്തി നാല്പതിനായിരത്തി നൂററിനാല്പത്തെട്ട് (7,40,148) ആയിരുന്നു. ശ്രീ കൃഷ്ണയ്യർക്കു ലഭിച്ചതു് നൂററിമുപ്പത്താറ് (136) എം. പി. മാരുടെയും ആയിരത്തി മുന്നൂറ് (1300) എം. എൽ. എ.മാരുടെയും വോട്ടാണ്. ഇവയുടെ ആകെ മൂല്യം രണ്ടുലക്ഷത്തി എൺപത്തോരായിരത്തി അഞ്ഞൂററമ്പതു (2,81,550) ആയിരുന്നു. സ്വതന്ത്രസ്ഥാനാർത്ഥിയായ ശ്രീ മിഥിലേശ